# GHSS POOKKOTTUR




# ACADEMIC MASTER PLAN

# 2025-'26

# HS & UP SECTION

# ആമുഖം

സ്വാതന്ത്ര്യസമര ചരിത്രത്തിൽ മലബാറിന്റെ നാമധേയം സുവർണ്ണ ലിപികളിൽ എഴുതാൻ കാരണമായ പൂക്കോട്ടൂരിനെ അക്ഷര ലോകത്ത് കൈപിടിച്ച് ഉയർത്തുന്നതിൽ സുപ്രധാന പങ്ക് വഹിച്ച വിദ്യാലയമാണ് നമ്മുടേത്.

1918 ൽ മലബാർ ഡിസ്ട്രിക് ബോർഡിന് കീഴിൽ എലിമെന്ററി സ്കൂളായി ആരംഭിച്ച ഈ വിദ്യാലയം 1945 ൽ ഹയർ എലിമെന്ററി ആയി ഉയർത്തപ്പെട്ടു പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ മന്ത്രി ആയിരുന്ന കാലത്ത് 1958 ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. സ്കൂളിന് ആവശ്യമായ 20 സെന്റ് സ്ഥലം അക്ഷരസ്നേഹിയും പൂർവ്വ അധ്യാപകനും ആയിരുന്ന ശ്രീ വേലുക്കുട്ടി മാസ്റ്റർ സൗജന്യമായി നൽകുകയാണ് ഉണ്ടായത്. ബാക്കി സ്ഥലം നാട്ടുകാരുടെ സഹകരണത്തോടെ വാങ്ങി. പിടിഎ ധനസമാഹരണം നടത്തിയും ഗവൺമെന്റ് ഫണ്ടുകളും ഉപയോഗിച്ചാണ് ഇന്ന് കാണുന്ന ബിൽഡിങ്ങുകളും ഗ്രൗണ്ട് പോലുള്ള സൗകര്യങ്ങളും നേടിയെടുത്തത്. ഈ സ്കൂളിന്റെ വികസനത്തിനു വേണ്ടി ശ്രമിച്ചവരിൽ കാരാട്ട് മുഹമ്മദ് ഹാജി മാസ്റ്റർ, എം അപ്പുണ്ണി നായർ, എം പി ശേഖരൻ നായർ എന്നിവരുടെ സേവനങ്ങൾ സ്മരണീയമാണ്.

2000 ൽ ഹയർസെക്കണ്ടറി ആയി ഉയർത്തപ്പെട്ട നമ്മുടെ വിദ്യാലയത്തിൽ ഇന്ന് 2000 കുട്ടികൾ പഠിക്കുകയും നൂറോളം അധ്യാപകർ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്,സ്മാർട്ട് ക്ലാസ്സ് റൂം, ഓപ്പൺ ഓഡിറ്റോറിയം എന്നിവ ഉൾപ്പെട്ട നമ്മുടെ സ്കൂളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഇന്ന് ലഭ്യമാണ്.

വർണാഭമായ സംവത്സരങ്ങളുടെ ആഘോഷ വേളകളായിരുന്നു പൂക്കോട്ടൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾ ! ഒരു വിദ്യാലയം എന്ന നിലയിൽ സമൂഹത്തിൽ ഉയർന്നു നിൽക്കാൻ നമുക്ക് സാധിച്ചു. അദ്ധ്യയന മികവിനൊപ്പം കലാകായിക ഇടങ്ങളെയും ചേതോഹരമാക്കി കുട്ടികൾക്കും അധ്യാപകർക്കുമൊപ്പം പിടിഎ നിലയുറപ്പിച്ചു.

കായിക മേഖലയിൽ മലപ്പുറം സബ്ജില്ലയിൽ അനിഷേധ്യ പ്രതിഭകളായി കഴിഞ്ഞ ഒരു പതിറ്റാണ്ട് തിളങ്ങി നിൽക്കാൻ നമ്മുടെ കൂട്ടായ്മക്ക് സാധിച്ചു. സംസ്ഥാന കലോത്സവത്തിൽ മൂന്നിനങ്ങളിൽ ഒന്നാം സ്ഥാനം നേടിയ കലാകാരന്മാരെ സംഭാവന ചെയ്യുന്നതിലും കഴിഞ്ഞ വർഷങ്ങൾ സാക്ഷ്യം വഹിച്ചു. കൂട്ടായ പരിശ്രമത്തിലൂടെ

എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവരുടെ എണ്ണം വർഷം തോറും വർധിപ്പിക്കുവാനും അതുവഴി മലപ്പുറം ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നായി മാറാനും നമ്മുടെ സ്കൂളിന് സാധിച്ചു.

പലപ്പോഴും നവീനമായ പരിപാടികളുടെ വിളഭൂമിയാണ് നമ്മുടെ വിദ്യാലയം. വൈജ്ഞാനിക ദൃശ്യവിരുന്നിന്റെ ആറ് സീസണുകൾ എന്നു പറയുന്നത് ഒരു ഗവൺമെന്റ് സ്കൂളിനെ സംബന്ധിച്ച് ഏറെ സന്തോഷിക്കാനും അഭിമാനിക്കാനും വക നൽകുന്ന കാര്യമാണ്.

അറിവിന്റെ ഉയരങ്ങൾ കീഴടക്കാൻ കുട്ടികൾക്ക് അവസരം നൽകുന്ന 'സാകല്യം മെഗാ ക്വിസ്' എന്നത് ഇന്ന് നാടിന്റെ അറിവുത്സവമായി മാറിക്കഴിഞ്ഞു.

കുട്ടികളുടെ ആവിഷ്കാരങ്ങൾക്ക് നിറം പകരാൻ രൂപീകരിച്ച 'ഡ്രെയ്പ്സ് കലാവേദി'യും സാമ്പ്രദായിക കലാപരിപാടികളെ മുറിച്ചു കടക്കാനുള്ള സ്കൂളിന്റെ സർഗാത്മകമായ ശ്രമമായിരുന്നു.

ഈ കാലയളവിലത്രയും ഉള്ളടക്കം കൊണ്ടും പ്രവർത്തന മികവ് കൊണ്ടും വേറിട്ട് സഞ്ചരിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു. കുട്ടികളുടെ പഠന മികവിനൊപ്പം അവരുടെ ചിന്തയിലും വ്യക്തിത്വത്തിലും നന്മയുടെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും വിത്തുകൾ പാകുന്ന പഠന ക്യാമ്പുകളും യാത്രകളും എടുത്തു പറയേണ്ട സവിശേഷതകളാണ്. സ്കൂൾ അന്തരീക്ഷം സജീവവും സർഗാത്മകവുമാവുക എന്നതാണ് കുട്ടികൾ മറ്റു അനഭികാമ്യ വഴികളിലേക്ക് പോകാതിരിക്കാനുള്ള തടയിണകൾ എന്ന് മനസ്സിലാക്കി പരിപാടികൾ നിശ്ചയിച്ചു നൽകാൻ സ്കൂൾ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഒരു നാടിന്റെ പ്രതീക്ഷയായി, പുതിയ ആൽഫാ - ബീറ്റാ തലമുറകളെ വഴിനടത്താൻ സ്കൂൾ പ്രതിജ്ഞാബദ്ധമാണെന്ന പ്രഖ്യാപനമാണ് ഇവിടെ രൂപകൽപന ചെയ്ത അക്കാദമിക് മാസ്റ്റർ പ്ലാൻ. പ്രതീക്ഷക്ക് വക നൽകുന്ന ഉത്തമ പൗരന്മാരെ നാടിന് സംഭാവന ചെയ്യാൻ പ്രസ്തുത പരിശ്രമത്തിന് സാധിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം പ്രാർത്ഥിക്കാം.

# സ്കൂളിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| Name | :Government Higher Secondary School Pookkottur |
| Address | :Pookkottur (po) Malappuram Kerala |
| Phone | :(HS)0483-2772840 (HSS)0483-2771999 |
| Email Address | :ghsspookkottur@gmail.com, ghsspktr@gmail.com, |
| School Code | :(HS) 18009 (HSS) 11028 |
| Class | :From 5th to 12th |
| Sub District | :Malappuram |
| Educational District | :Malappuram |
| Estd | :1958 |
| Assembly Constituency | :Malappuram |
| Parliament Constituency | :Malappuram |
| Block | :Malappuram |
| Taluk | :Ernad |
| Panchayath | :Pookkottur |

# അക്കാദമിക ലക്ഷ്യങ്ങൾ

- ഓരോ കുട്ടിയുടെയും വ്യത്യസ്തമായ കഴിവുകളെ കണ്ടെത്തിയുള്ള വൈജ്ഞാനിക വളർച്ച.
- സിവിൽ സർവീസ് പോലുള്ള ഉയരങ്ങൾ സ്വപ്നം കാണാൻ കുട്ടികളെയും രക്ഷിതാക്കളെയും പ്രാപ്തരാക്കുക.
- സമൂഹത്തിന്റെ ഒരു എജ്യുക്കേഷണൽ ഹബ്ബ് ആയി സ്കൂളിനെ വികസിപ്പിക്കുക.
- 30% കുട്ടികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് എന്ന ലക്ഷ്യം നേടൽ.
- എട്ടാം ക്ലാസിലെ 10% കുട്ടികൾക്ക് എൻ എം എം എസ് സ്കോളർഷിപ്പ് നേടിയെടുക്കൽ.
- ഏഴാം ക്ലാസിലെ 20% കുട്ടികൾക്ക് യു എസ് എസ് .
- 30% കുട്ടികൾക്കെങ്കിലും ഏതെങ്കിലും സന്നദ്ധ സംഘടനയിലോ ക്ലബ്ബിലോ പ്രവർത്തിക്കാൻ അവസരം സൃഷ്ടികൾ.
- പിന്നോക്കം നിൽക്കുന്ന 10% കുട്ടികൾക്കെങ്കിലും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യം നേടാനുള്ള പരിശീലനം.
- മത്സരങ്ങളിൽ നാല് ഇനങ്ങളിൽ എങ്കിലും സംസ്ഥാനതലത്തിൽ ശ്രദ്ധേയ പ്രകടനത്തിലൂടെ എ ഗ്രേഡ് നേടിയെടുക്കൽ.
- വർക്ക് , ഗണിതം , സോഷ്യൽ സയൻസ് , സയൻസ് ഈ വിഷയങ്ങളിൽ സംസ്ഥാനതലത്തിൽ എഗ്രേഡ് നേടിയെടുക്കൽ.
- ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ ഏറ്റവും മികച്ച ലൈബ്രറി .
- സബ്ജില്ലാ, ജില്ലാ ക്വിസ് മത്സരങ്ങളിൽ ഒരു സ്ഥാനം എങ്കിലും നേടൽ.
- മികച്ച ഗണിത ലാബ് ഒരുക്കൽ.

- ഗണിത ലൈബ്രറി സ്ഥാപിക്കൽ.
- സ്കൂൾ ബ്ലോഗ് നിർമ്മാണം, സ്കൂളിലെ രചനകൾ പബ്ലിഷ് ചെയ്യാനുള്ള പ്ലാറ്റ്ഫോം സൃഷ്ടിക്കൽ.
- സ്കൂൾ ശാസ്ത്ര ലാബ് ശിശു കേന്ദ്രീകൃതമാക്കൽ.
- സയൻസ് പാർക്ക് ഒരുക്കൽ.
- പരിസരപ്രദേശങ്ങളിലെ മിടുക്കരായ കുട്ടികൾക്ക് പ്രത്യേക പ്രോഗ്രാമുകൾ.
- നാട്ടറിവ് കൈത്തൊഴിൽ പോലെ പ്രാദേശികമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തൽ.
- അമ്മമാർക്ക് ഐസിടി പരിശീലനം.
- പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയും പിന്തുണ സംവിധാനവും.
- പിഎസ്‌സി മത്സര പരീക്ഷകളെ കുറിച്ച് അവബോധവും പരിശീലനവും.
- സിവിൽ സർവീസ് ഹാച്ചറി - ഐ എം എസ് പോലെയുള്ള ഉയർന്ന മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കാനുള്ള മുന്നൊരുക്കവും മാർഗ്ഗനിർദ്ദേശവും നൽകൽ

# ഹൈസ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
## മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | -പ്രിടെസ്റ്റ്<br>-അക്ഷരം ഉറപ്പിക്കൽ<br>-അക്ഷരക്കാർഡ് നൽകൽ<br>-വാക്കുകൾ നിർമിക്കുക<br>-വാക്യങ്ങൾ നിർമിക്കുക<br>-ചിത്രം അടിക്കുറിപ്പ് എഴുതുക<br>-ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 2 മാസം | -പുസ്തകങ്ങൾ<br>-ചിത്രങ്ങൾ | -അധ്യാപകർ<br>-പി ടി എ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | -ക്ലാസ്സ്തല വായനാക്കൂട്ടം രൂപീകരിക്കൽ<br>-സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ<br>-പത്രവായന<br>-പുസ്തകവായന<br>-വായനാനുഭവം<br>-വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>-ഇ -വായന | 6 മാസം | -ക്ലാസ് ലൈബ്രറി<br>-സ്കൂൾ ലൈബ്രറി<br>-പത്രങ്ങൾ<br>ആനുകാലികങ്ങൾ<br>-ഇന്റർനെറ്റ്<br>-കമ്പ്യൂട്ടർ | -അധ്യാപകർ<br>-പി ടി എ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | -ക്ലാസ്സ്തല എഴുത്തുകൂട്ടം രൂപീകരിക്കൽ<br>-വായനക്കുറിപ്പ് തയ്യാറാക്കുക<br>-ചുമർപത്രിക<br>-പതിപ്പ് തയ്യാറാക്കൽ<br>-വ്യക്തിഗത രചനകൾ | 6 മാസം | -ലൈബ്രറി പുസ്തകങ്ങൾ | -പി ടി എ<br>-അധ്യാപകർ |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | -വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുക<br>-മികച്ച പ്രസംഗമാതൃകകൾ കേൾപ്പിക്കുന്നു<br>-പ്രസംഗപരിശീലന കളരി<br>-പ്രസംഗ വേദികൾ സജ്ജമാക്കി കുട്ടികളെ പ്രോത്സാഹിപ്പിക്കൽ | 6 മാസം | -ഓഡിയോ<br>-വീഡിയോ | -അധ്യാപകർ<br>-ട്രെയ്നർ |

# അറബിക്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ പിന്തുണ | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | കരിക്കുലം ലക്ഷ്യം വെക്കുന്ന ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | -ലൈബ്രറിയിൽ അറബി പുസ്തകങ്ങൾ ലഭ്യമാക്കൽ<br>-വായിക്കാനുള്ള അവസരം നൽകൽ<br>-കുറിപ്പുകൾ, വിവരണങ്ങൾ, ചെറിയ കവിതകൾ, കയ്യെഴുത്തു മാസിക എന്നിവ തയ്യാറാക്കൽ<br>-ചുമർ പത്രങ്ങൾ<br>-പോസ്റ്ററുകൾ നിർമിക്കൽ<br>-വായന മത്സരം സംഘടിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങൾ | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>രക്ഷിതാക്കൾ | അധ്യാപക രക്ഷാകർതൃ സമിതി<br>BRC<br>SMC | അറബി ഭാഷാ പഠനം എളുപ്പമാക്കൽ പഠന നേട്ടങ്ങൾ ആർജ്ജിക്കൽ |
| 2 | അറബിക് പ്രീ ടെസ്റ്റ് | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ പിന്തുണ നൽകൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ | | ക്ലാസ്സ് കയറ്റം ഉറപ്പ് വരുത്തൽ |
| 3 | സർഗ ശേഷി വളർത്തൽ | ഓരോ മാസവും ഒരു പിരീഡ് കുട്ടികളിലെ കലാ വാസനകൾ വികസിപ്പിക്കാൻ ഉതകുന്ന തരത്തിൽ സമാജങ്ങൾ നടത്തുന്നു | ജൂൺ മുതൽ നവംബർ വരെ | അധ്യാപകർ<br>വിദ്യാർത്ഥികൾ | | സഭാകമ്പം വളർത്തൽ |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ പിന്തുണ | റിമാർക്ക്സ് |
| --- | --- | --- | --- | --- | --- | --- |
| 4 | മൂല്യങ്ങളും മനോഭാവങ്ങളും - പഠന നേട്ടങ്ങളിലൂടെ ഉറപ്പ് വരുത്തുക | Text book വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിലുണ്ടാക്കിയെടുക്കാൻ അവയുമായി ബന്ധപ്പെട്ട വീഡിയോകൾ, ഗാനങ്ങൾ, പ്രസംഗങ്ങൾ, കഥകൾ മുതലായവ ICT ഉപകരണങ്ങളുടെ സഹായത്തോടെ ക്ലാസുകളിൽ അവതരിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ | | -ലഹരിക്കെതിരെ നിയമലംഘനങ്ങൾക്കെതിരെ അവബോധമുണ്ടാക്കൽ<br>-മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കൽ |
| 5 | പദപരിചയം | എല്ലാ ദിവസവും രാവിലെ പ്രാർത്ഥനയ്ക്ക് ശേഷം ഒരു കുട്ടി ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു ക്ലാസ് ലീഡർ ആ പദം ബോർഡിൽ എഴുതുന്നു. എല്ലാ കുട്ടികളും അതെഴുതിയെടുക്കുന്നു. മാസത്തിലൊരിക്കൽ വിലയിരുത്തുന്നു. മികച്ച കുട്ടികൾക്ക് സമ്മാനം കൊടുക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ വിദ്യാർത്ഥികൾ | | -അറബി പദ സമ്പത്ത് വർധിപ്പിക്കൽ<br>-പുതിയ പദം കേൾക്കാൻ അവസരം ഉണ്ടാക്കൽ |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം/ പിന്തുണ | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 6 | ഡിജിറ്റൽ ലോകം | കമ്പ്യൂട്ടർ പരിജ്ഞാനം ഈ കാലഘട്ടത്തിൽ അനിവാര്യമായതിനാൽ അറബിക് കീ ബോർഡ് കുട്ടികളെ പരിചയപ്പെടുത്തുന്നു അറബിക് ടൈപ്പിംഗ് പരിശീലിപ്പിക്കുന്നു | പ്രവൃത്തി ദിനങ്ങളിൽ ഒഴിവ് സമയമനുസരിച്ച് | അധ്യാപകർ | | കമ്പ്യൂട്ടർ കീ ബോർഡ് ഉപയോഗിച്ച് അറബിക് ടൈപ്പിംഗ് ശേഷി നേടൽ |

# ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളെ പരിചയപ്പെടുക ഹിന്ദി വായനയിലും എഴുത്തിലും ഉയർന്ന നിലവാരത്തിലെത്തിക്കുക | -ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ | ജൂൺ 2 മുതൽ ജൂലൈ 31 വരെ | ഹിന്ദി അധ്യാപകർ |
| 2 | ദിനാചരണങ്ങൾ, ദിനാചരണങ്ങളുടെ പ്രാധ്യാന്യവും , ദിനാചരണങ്ങളിൽ ഹിന്ദി ക്ലബ്ബിന്റെ സാനിധ്യവും | -പോസ്റ്റർ നിർമാണം<br>-പോസ്റ്റർ പ്രദർശനങ്ങൾ<br>-ക്വിസ്<br>-കുറിപ്പ് തയ്യാറാക്കൽ<br>-പതിപ്പ് നിർമാണം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 3 | ഹിന്ദി ദിനം<br>ഹിന്ദി ഭാഷയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കുക | -പാഠ ഭാഗങ്ങളുടെ ദൃശ്യാവിഷ്കാരങ്ങൾ<br>-ഹിന്ദി പ്രദേശവാസികളുമായുള്ള അഭിമുഖം<br>-ഹിന്ദിയിൽ സൂചനാബോർഡുകൾ സ്ഥാപിക്കൽ<br>-വിവിധ പരിപാടികൾ | സെപ്റ്റംബർ 14 | ഹിന്ദി അധ്യാപകർ |
| 4 | ഹിന്ദി ഭാഷയിൽ കുട്ടികളുടെ അഭിരുചി വർദ്ധിപ്പിക്കുക പിന്നോക്കക്കാർക്ക് സഹപാഠികളുടെ സഹായത്താൽ പഠന നിലവാരം മെച്ചപ്പെടുത്തുക. | -കഥാ രചനാ മത്സരം<br>-കവിതാ രചനാ മത്സരം<br>-ക്ലാസിലെ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളുടെ സഹായത്തിൽ ഒഴിവ് സമയ പ്രവർത്തനങ്ങൾ | ജൂൺ 3 മുതൽ നവംബർ വരെ | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 5 | കുട്ടികളുടെ സർഗശേഷി പരിപോഷിപ്പിക്കുക | -സ്കൂളിലെ ദിനാചരണങ്ങളുടെയും മറ്റും വാർത്തകളും റിപ്പോർട്ടുകളും തയ്യാറാക്കുക<br>-കുട്ടികളുടെ വിവധ സൃഷ്ടികളും മറ്റും ശേഖരിക്കുക<br>-മഹത് വചനങ്ങളുടെ ക്രോഡീകരണം<br>-ഹിന്ദി പതിപ്പ് നിർമാണം | ജൂൺ 3 മുതൽ നവംബർ വരെ | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് |
| 6 | ഹിന്ദി കേൾക്കാനും വിവിധ ശേഷികൾ വാചികമായി അവതരിപ്പിക്കുന്നതിനും അവസരം സൃഷ്ടിക്കുക | -പ്രഭാത വാർത്താ വായന<br>-ഹിന്ദി കവിതാലാപനം | ജൂലൈ മുതൽ ഡിസംബർ വരെ | ഹിന്ദി അധ്യാപകർ |
| 7 | ഇടവേളകളിൽ ഹിന്ദിയിലുള്ള പരിപാടികൾ കേൾക്കാനും ആസ്വദിക്കാനുള്ള അവസരം ഒരുക്കുക | ഹിന്ദിയിൽ വിവിധ പരിപാടികൾ അവതരിപ്പിക്കുക (കഥാവായന, കവിതാലാപനം ) | ജൂലൈ മുതൽ നവംബർ വരെ | ഹിന്ദി അധ്യാപകർ |
| 8 | ഹിന്ദി ഭാഷാ പഠനം ലളിതമാക്കുക | ഒരു ദിനം ഒരു വാക്യം ബോർഡിൽ പ്രദർശിപ്പിക്കുക | ജൂൺ മുതൽ | കുട്ടികൾ<br>ഹിന്ദി ക്ലബ് |
| 9 | വസ്തുക്കളുടെ പേരും മറ്റും പഠിക്കുക | സ്കൂളിലെ മരങ്ങളുടെയും മറ്റും പേരുകൾ ഹിന്ദിയിൽ പ്രദർശിപ്പിക്കുക | ജൂലൈ | ഹിന്ദി ക്ലബ് |

# ഉർദു

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | ധന കാര്യം |
|---|---|---|---|---|---|---|---|
| 1 | പഠേലിഖേ | പിന്നോക്കം നിൽക്കുന്ന കുട്ടികളെ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും ശേഷി നേടുന്നതിന് | -ഭിന്നശേഷിക്കാർ ഉൾപ്പെടെ എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അക്ഷര പദകാർഡുകളുടെ സഹായത്താൽ അക്ഷരരൂപങ്ങളും വായനയും ഉറപ്പിക്കുന്നു<br>-പദചിത്ര കാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു<br>-ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമിച്ച് എഴുതുകയും വായിക്കുകയും ചെയ്യുന്നു<br>-കൊച്ചുകഥകൾ ,കവിതകൾ,വിവരണങ്ങൾ വായിക്കുന്നു - പകർത്തി എഴുതുന്നു | ജൂൺ ജൂലൈ ആഗസ്റ്റ് | 5,6,7,8 | ഉർദു ടീച്ചർ | 500 |
| 2 | സുരേലി ഉർദു | പഠന നേട്ടങ്ങൾ നേടുന്നതിന്, ഭാഷാ ശേഷികൾ പരിപോഷിപ്പിക്കുന്നതിന് | -കൂട്ടുകാരോടും അധ്യാപകരോടും ഉർദുവിൽ സംസാരിക്കുന്നു<br>-കാവ്യ ഈരടികൾ പ്രദർശിപ്പിക്കുക<br>-പ്രധാന സംഭവങ്ങൾ വാർത്തയാക്കി ചുമർപത്രിക നിർമിക്കുക | | | | |
| 3 | ബസ്മേ അദബ് | സർഗ്ഗ ശേഷി പരിപോഷിപ്പിക്കുന്നതിന് | -ഗസൽ ആലാപനം, പദ്യം ചൊല്ലൽ, പ്രസംഗം, സ്കിറ്റ് എന്നിവക്ക് അവസരം ഒരുക്കുന്നു<br>-കഥ, കവിത, ഉപന്യാസം എന്നിവക്ക് ശിൽപ്പശാല സംഘടിപ്പിക്കുന്നു | രണ്ട്മാസത്തിൽ ഒരു തവണ | UP/ HS | ഉർദു ടീച്ചർ | |

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | ധന കാര്യം |
|---|---|---|---|---|---|---|---|
| 4 | ഡിജിറ്റൽ ഉർദു | IT യിലൂടെ പഠനം ലളിതവും രസകരവും ആക്കുക<br>ടൈപ്പിംഗ് പരിശീലനം നൽകി DTP തൊഴിൽ സാധ്യത കൂട്ടുന്നതിന് | -ഉർദു ഭാഷാ പഠനത്തിൽ സഹായകമാകുന്ന ആപ്പുകൾ പരിചയപ്പെടുത്തുന്നു<br>-വെബ്സൈറ്റുകൾ(ഉർദു) പരിചയപ്പെടുത്തുന്നു<br>-ഉർദു കീബോർഡ് പരിചയപ്പെടുത്തുന്നു<br>-പഠനോത്സവങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നു<br>-കുട്ടികൾ സ്വയം രചനകൾ ടൈപ്പ് ചെയ്ത് മാഗസിൻ നിർമിക്കുന്നു | | | | |
| 5 | ദിനാചരണങ്ങൾ<br>ഉർദു ദിനം | സർഗ്ഗാത്മക ശേഷി പ്രകടിപ്പിക്കുന്നതിന്<br>വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് | - ടാലന്റ് പരീക്ഷ സംഘടിപ്പിക്കുന്നു<br>- ക്വിസ് മത്സരം<br>- വായനാ/എഴുത്ത് മത്സരം<br>-പോസ്റ്റർ നിർമാണ മത്സരം<br>-പദപ്പയറ്റ് / ചിത്രവായന<br>- കഥ, കവിത, ഉപന്യാസ മത്സരം | നവംബർ സെപ്തംബർ | HS /UP | ഉർദു ടീച്ചർ | 3500/- |

# ENGLISH

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം / പിന്തുണ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Speaking skill improvement | - Publishing<br>- Training, Debates<br>- Tea talks | June to February | English teacher, special trainers and students | School and PTA | |
| 2 | Hand writing skills | - Calligraphy workshop<br>- Copy writing | June to December | English teachers, Trainers | School and PTA | |
| 3 | Literary workshops(For selected students) | -Creative writing Training<br>-Library exploration | June to December | Experts<br>English teachers | School and PTA | |
| 4 | Drama workshop & Film festival | -Drama screening<br>-Acting workshops<br>-Cinematography techniques | June to December | Drama experts<br>Actors<br>Camera man | School and PTA | |

# സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സയൻസ് ക്ലബ് രൂപീകരണം | -ഓരോ ക്ലാസിൽ നിന്നും സയൻസ് ക്ലബിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നു | ആദ്യ മാസത്തിൽ | ശാസ്ത്രക്ലബ് കൺവീനർ | |
| 2 | മാസത്തിൽ ഒരു തവണ സയൻസ് ക്വിസ് നടത്തൽ വിജയിക്കുന്ന രണ്ട് കുട്ടികൾക്ക് സമ്മാനം കൊടുക്കൽ | - ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കൽ<br>- ക്വിസ് മത്സരത്തിന് ശേഷം ചോദ്യങ്ങളും ഉത്തരങ്ങും കുട്ടികൾക്ക് നൽകുന്നു | എല്ലാ മാസങ്ങളിലും | സയൻസ് ടീച്ചർ | സയൻസ് ക്ലബ് ഫണ്ട് |
| 3 | സയൻസ് എക്സിബിഷൻ നടത്തുക | -കുട്ടികൾക്ക് എക്സിബിഷൻ നടത്താൻ ആവശ്യമായ സ്റ്റാളുകളും സജ്ജീകരങ്ങളും ഒരുക്കി കൊടുക്കുക<br>-രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക | വർഷത്തിൽ ഒരിക്കൽ | ശാസ്ത്രക്ലബ് കൺവീനർ | വെൽഫെയർ ഫണ്ട് |
| 4 | കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തൽ | സയൻസ് വിഷയത്തിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് നൽകുന്നു | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ടീച്ചർ | |
| 5 | competative exam കൾക്ക് കുട്ടികളെ തയ്യാറാക്കൽ | കരിയർ ഗൈഡൻസ് ക്ലാസുകളും ശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾക്കുള്ള സാധ്യതയും കുട്ടികളെ ബോധ്യപ്പെടുത്തി കൊടുക്കുക | വർഷത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ | പി ടി എ ഫണ്ട് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | ശാസ്ത്ര ലാബ് നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി എന്നിവ തരംതിരിച്ച് പരീക്ഷണം ചെയ്യാനുള്ള അവസരം ഒരുക്കി കൊടുക്കൽ | വർഷം മുഴുവൻ | ലാബ് ചാർജുള്ള അധ്യാപകൻ | പി ടി എ ഫണ്ട് |
| 7 | ശാസ്ത്ര മേളയിൽ കുട്ടികളുടെ പ്രാതിനിധ്യം കൂട്ടാൻ | ക്ലാസ് റൂമുകളിൽ ചെറിയ മത്സരങ്ങളും സംവാദങ്ങളും നടത്തി കുട്ടികളെ തിരഞ്ഞെടുക്കുക | വർഷത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ | വെൽഫെയർ ഫണ്ട് |
| 8 | ഹാർഡ് സ്പോട്ട് ലഘൂകരിക്കുക | തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി കുട്ടികളുടെ ഹാർഡ് സ്പോട്ട് കണ്ടെത്തി അതിനുള്ള പരിഹാരം കാണുക | മാസത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ<br>SRG<br>കുട്ടികൾ | പി ടി എ ഫണ്ട് |
| 9 | ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര ലേഖനങ്ങൾ , കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാഗസിൻ തയ്യാറാക്കുക | വർഷത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ<br>കലാധ്യാപകൻ<br>കുട്ടികൾ | വെൽഫെയർ ഫണ്ട് |
| 10 | പൊതു സമൂഹത്തിന് ശാസ്ത്രത്തിന്റെ പ്രാധാന്യം മനസിലാക്കി കൊടുക്കൽ | -സെമിനാറുകൾ<br>-ബോധവത്ക്കരണ ക്ലാസുകൾ<br>-ഊർജ്ജ സംരക്ഷണ ക്ലാസുകൾ തുടങ്ങിയവ നൽകുക | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് കൺവീനർ<br>ഊർജ ക്ലബ് കൺവീനർ | പി ടി എ ഫണ്ട് |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളിൽ ഗണിത ബോധം വളർത്തൽ | ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കുവാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ഗണിത വിജയം ഉല്ലാസ ഗണിതം നടപ്പാക്കുക | വർഷം മുഴുവൻ | ഗണിതാധ്യാപകൻ |
| 2 | മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് | കണക്കിലെ കുറുക്കു വഴികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന പ്രവർത്തനം<br>NMMS പരീക്ഷ പരിശീലനം | വർഷം മുഴുവൻ | ഗണിതാധ്യാപകൻ |
| 3 | ഗണിതമേളകളിൽ കുട്ടികളുടെ സജീവ പ്രാതിനിധ്യം ഉറപ്പ് വരുത്തൽ | ഗണിത മേളകളിൽ ക്ലാസ് തലത്തിൽ ശില്പശാല, ഗണിതഗാനം, കണക്കിലെ കളികൾ, ശേഖരണം, ജ്യാമിതീയ രൂപങ്ങൾ, ഗണിത ശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ , സെമിനാർ, ഉപന്യാസ രചന എന്നിവ സംഘടിപ്പിക്കുന്നു. | June - December | ഗണിതാധ്യാപകൻ |

# സോഷ്യൽ സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | ക്ലബ് രൂപീകരണം | കുട്ടികളെ ക്ലാസ് തലത്തിൽ നിന്നും SS ക്ലബിലേക്ക് തിരഞ്ഞെടുക്കുന്നു. ക്ലബ് പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു | ജൂൺ മാസത്തിൽ ആദ്യ വാരം | SS ക്ലബ് കൺവീനർ |
| 2 | Mock Parliament ജനാധിപത്യം വളർത്തിയെടുക്കൽ | പാർലമെന്റ് രൂപീകരണം . പാർലമെന്റ് രൂപീകരണത്തിനാവശ്യമായ ക്രമീകരണം നടത്തൽ | വർഷത്തിൽ ഒരു തവണ | SS ക്ലബ് |
| 3 | ശാസ്ത്ര മേളയിൽ SS ക്ലബിന്റെ പ്രാതിനിധ്യം ഉറപ്പാക്കൽ | ക്ലാസ് തലത്തിൽ മത്സരങ്ങൾ നടത്തി കുട്ടികൾക്ക് സബ്ജില്ലാ മത്സരത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി തയ്യാറാക്കൽ | വർഷത്തിൽ ഒരു തവണ | SS ടീച്ചർ |
| 4 | അറ്റ്ലസ് നിർമാണം | കുട്ടികൾ ക്ലാസ് തലത്തിൽ തയ്യാറാക്കുന്ന മാപ്പ് ഉപയോഗപ്പെടുത്തി അറ്റ്ലസ് തയ്യാറാക്കൽ | വർഷത്തിൽ ഒരു തവണ | SS ടീച്ചർ |
| 5 | ദിനാചരണങ്ങൾ ഓർമപ്പെടുത്തൽ | SS ക്ലബിന്റെ നേതൃത്വത്തിൽ വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ആചരിക്കൽ | ബന്ധപ്പെട്ട മാസങ്ങളിൽ | SS ക്ലബ് SS ടീച്ചർ |
| 6 | പൊതു വിജ്ഞാനം വളർത്തൽ | സബ്ജെക്ടിനെ (SS) ആനുകൂലിക സംഭവങ്ങളുമായി ബന്ധിപ്പിച്ച് പൊതു വിജ്ഞാനം വളർത്തുന്ന Quiz competition സംഘടിപ്പിക്കുക | ഓരോ മാസവും അവസാനത്തിൽ | SS ടീച്ചർ |

# HEALTH AND PHYSICAL EDUCATION

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കായിക ക്ഷമത | മുഴുവൻ കുട്ടികൾക്കും ആവശ്യമായ വ്യായാമ മുറകൾ , ആഴ്ചയിൽ 3 ദിവസം 1 മണിക്കൂർ നടത്തം, Joging , സ്റ്റെപ്പ് കയറൽ | 1 വർഷം | PET<br>HS<br>UP<br>മറ്റു അധ്യാപകർ | PTA | |
| 2 | ഫുട്ബോൾ | ദീർഘ കാല ഫുട്ബോൾ പരിശീലന പദ്ധതി. ശാസ്ത്രീയ പരിശീലനം. ആവശ്യമായ Equipments സംഘടിപ്പിക്കൽ , സെലക്ഷൻ ട്രയൽ വിദഗ്ധ പരിശീലകരുടെ സേവനം ആഴ്ചയിൽ 3 ദിവസം ഒന്നര മണിക്കൂർ വീതം | 3 വർഷം | PET<br>HS<br>UP<br>മറ്റു അധ്യാപകർ<br>നാട്ടിലെ ഫുട്ബോൾ പരിശീലകർ | PTA<br>സ്കൂൾ വെൽഫെയർ കമ്മിറ്റി | |
| 3 | അത്‌ലറ്റിക്സ് | സംസ്ഥാന തലത്തിൽ എത്തിക്കാനുള്ള പദ്ധതി. മികച്ച നിലവാരമുള്ള കുട്ടികൾക്ക് ശാസ്ത്രീയ പരിശീലനം, ഉപകരണങ്ങൾ സംഘടിപ്പിക്കൽ ഒന്നര മണിക്കൂർ വീതം | 2 വർഷം | PET<br>HS<br>UP<br>പ്രാദേശിക അത്‌ലറ്റിക്സ് കോച്ചുമാർ | PTA<br>സ്കൂൾ വെൽഫെയർ കമ്മിറ്റി<br>SSK | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 4 | ഖൊ - ഖൊ | ആഴ്ചയിൽ 4 ദിവസം മികച്ച താരങ്ങളെ കണ്ടെത്തി പരിശീലനം നൽകൽ. Basic Skill പരിശീലനം, മികച്ച കായിക ശേഷിയുള്ളവരെ കണ്ടെത്തൽ, ശാസ്ത്രീ-യ ഖൊ-ഖൊ പരിശീലനം ആഴ്ചയിൽ 3 ദിവസം വിദഗ്ധ കോച്ചുകളുടെ സേവനം. ടൂർണമെന്റിൽ ടീമുകളെ പങ്കെടുപ്പിക്കൽ | 3 വർഷം | PET<br>HS<br>UP<br>ഖൊ- ഖൊ അസോസിയേഷൻ കോച്ച്<br>സീനിയർ കളിക്കാരുടെ സേവനം | വെൽഫെയർ കമ്മിറ്റി<br>PTA<br>Teachers Council | |

# ART EDUCATION

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ലക്ഷ്യം |
|---|---|---|---|---|
| 1 | ചിത്രകല<br>രേഖാചിത്രം<br>(ഡ്രോയിംഗ്) | കലയുടെ ആമുഖം<br>കുത്തി വരയിലൂടെ തുടക്കം,<br>വ്യത്യസ്ത രേഖകൾ<br>പരിചയപ്പെടുത്തുന്നു | | കലയെ കുറിച്ചുള്ള പ്രാഥമിക വിവരണം, ചരിത്രവും സമകാലികവുമായ പരിചയപ്പെടൽ<br>വരയ്ക്കാനുള്ള കൈവഴക്കവും ധൈര്യവും പരിശീലിപ്പിക്കുക.<br>വ്യത്യസ്ഥ രേഖകളും പ്രയോഗങ്ങളും പരിശീലിക്കുന്നത് വഴി ആത്മധൈര്യവും ഏകാഗ്രതയും നിരീക്ഷണ പാടവവും നേടിയെടുക്കാൻ സഹായിക്കുന്നു |
| 2 | നിശ്ചല ദൃശ്യം | നിശ്ചല ദൃശ്യം ക്രമീകരിച്ച് നോക്കി വരയ്ക്കുക | | നിശ്ചല വസ്തുക്കൾ വരക്കാനായി ക്രമീകരിക്കുകയും നോക്കി വരക്കുകയും ചെയ്യുക വഴി Fundamental of Art നെ കുറിച്ച് ഒരു ധാരണ കൈവരിക്കുന്നു |
| 3 | ഛായാചിത്രം | മോഡലിനെ ക്രമീകരിച്ച് വരക്കാൻ പരിശീലിക്കുന്നു | | മോഡലിനെ ക്രമീകരിച്ച് വരക്കാൻ പരിശീലിക്കുന്നതു വഴി മനുഷ്യനെയും , മൃഗങ്ങളെയും, മറ്റു ജീവജാലങ്ങളെയും നോക്കുവാനും കാണുവാനും അവയുടെ പ്രത്യേകതകളെ മനസ്സിലാക്കാനും കാണുന്നതിനെ വരച്ചെടുക്കാനും മികവ് നേടിയെടുക്കുന്നു |
| 4 | പ്രകൃതി ദൃശ്യം | ക്ലാസ് റൂമിന് പുറത്ത് മരങ്ങളും, ഇലകളും, കായ്കളും , കെട്ടിടങ്ങളും, വാഹനങ്ങളും, മറ്റ് | | പ്രകൃതി ദൃശ്യവും ചുറ്റുപാടും നോക്കി വരയ്ക്കുക വഴി ചുറ്റുപാടിനെ മനസിലാക്കാനും വരച്ചെടുക്കുവാനും പരിശീലനം കൈവരിക്കുന്നു |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ലക്ഷ്യം |
|---|---|---|---|---|
| 5 | രചന | ജീവജാലങ്ങളും തുടങ്ങി നമ്മുടെ ചുറ്റുപാടിനെ കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കുന്നു<br><br>ഭാവാത്മകമായ ചിത്രങ്ങൾ വരയ്ക്കൽ<br>Eg : School, City<br>• Lecture class<br>• Discussion based on the subject<br>• Ask them for the examples<br>• Observing our surroundings<br>• Select an object and analize these elements<br>• Reading image<br>• Art books<br>• Artist work presentation | | ഇത്തരത്തിൽ ഭാവാത്മകമായ ചിത്രങ്ങൾ വരക്കുമ്പോൾ തുടക്കം മുതലുള്ള എല്ലാ പരിശീലനങ്ങളുടെയും ഫലം നമുക്ക് കാണാൻ സാധിക്കും<br>എല്ലാ പരിശീലനങ്ങളുടെയും സംയോജനമാണ് രചന (Composition) |

# WORK INTEGRATED EDUCATION

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | ഓരോ കുട്ടിക്കും താൽപര്യമുള്ള ഒരു മേഖലയിൽ തൊഴിൽ പരിശീലനം. സ്കൂളിലെ മുഴുവൻ ആൺകുട്ടികളെയും പെൺകുട്ടികളെയും അവർക്ക് അഭിരുചിയുള്ള മേഖലയിൽ ആഴ്ചയിൽ 1 പിരീഡ് വെച്ച് പരിശീലനം നൽകുന്നു. | 1 വർഷം | WIE HS, UP<br>പ്രാവീണ്യമുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ | പി ടി എ<br>സ്കൂൾ വെൽഫെയർ കമ്മിറ്റി |
| 2 | ശില്പശാല- പ്ലമിംഗ്, ബുക്ക് ബൈൻഡിംഗ് , ഭക്ഷ്യ വ്യവസായം തുടങ്ങിയ മേഖലകളിൽ ശില്പശാല നടത്തുക. എല്ലാ മാസവും ഒരു ദിവസം 3 മണിക്കൂർ | 3 വർഷം | WIE HS, UP<br>മറ്റ് അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>നാട്ടിലെ പരിശീലകർ | സ്കൂൾ വെൽഫെയർ കമ്മിറ്റി |
| 3 | പഠനോത്സവം : മറ്റ് വിഷയങ്ങളായ ഗണിതം , സയൻസ്, സോഷ്യൽ, ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നിവയുമായി ബന്ധപ്പെടുത്തി നിർമിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിശകലനവും വർഷത്തിൽ 2 തവണ നടത്തുന്നു. | 2 വർഷം | WIE HS, UP<br>മറ്റ് അധ്യാപകർ | സ്കൂൾ വെൽഫെയർ കമ്മിറ്റി |
| 4 | ഉൽപ്പന്ന പ്രദർശനം - കുട്ടികൾ ഉണ്ടാക്കിയതും പരിശീലിച്ചതുമായ ഉൽപ്പന്നങ്ങളുടെ പ്രദർശവും വിൽപ്പനയും വർഷത്തിൽ 1 ദിവസം മുഴുവൻ | 3 വർഷം | WIE HS, UP<br>മറ്റ് അധ്യാപകർ<br>വിദ്യാർത്ഥികൾ | PTA |
| 5 | ഭക്ഷ്യ മേള – ഒമ്പതാം ക്ലാസിലെ പാഠവുമായി ബന്ധപ്പെട്ട് വിവിധ തരം പോഷകാഹാരങ്ങളും ചിലവ് കുറഞ്ഞ ആഹാര സാധനങ്ങളുടെ നിർമാണവും പ്രദർശനവും വർഷത്തിൽ ഒരു തവണ | 1 വർഷം | WIE HS, JRC | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി ENGLISH

| NO | AIM | ACTIVITIES | MONTH | DUTY |
|---|---|---|---|---|
| 1 | Build comfort and interest in using English | • Reading activity – story "The clever crow" + Q&A<br>• Writing task – Paragraph my family<br>• Grammar focus – sentence structure<br>• Vocabulary- family and school words<br>• Speaking and Listening – self introduction | June | English teachers |
| 2 | Express daily routines confidently | • Reading activity- story "A day at the market"<br>• writing task – diary entry My typical day<br>• Grammar focus- simple present tense<br>• vocabulary – daily routine words<br>• speaking and listening – picture talk | July | English teachers |
| 3 | Develop social vocabulary and empathy | • Reading activity -story "True friend"<br>• writing task – Informal letter to a friend<br>• grammar focus- pronouns<br>• vocabulary – friendship terms<br>• speaking and listening – Role play conversation | August | English teacher |

| NO | AIM | ACTIVITIES | MONTH | DUTY |
|---|---|---|---|---|
| 4 | Improve descriptive skills | • Reading activity – poem “ The Rain”<br>• writing task – My favourite seasons<br>• Grammar focus – adjectives<br>• Vocabulary- nature related words | September | English Teacher |
| 5 | Connect cultural experience to language | • Speaking and listening – group discussion seasons<br>• Reading activity – paragraph - festival in my village<br>• writing task- paragraph- my favourite festival<br>• Grammar focus – prepositions<br>• Vocabulary -festival vocabulary<br>• speaking and listening -speech festival Traditions | October | English teacher |
| 6 | Understand values through language | • Reading activity – moral story – “Honesty pays”<br>• Writing task – story completion<br>• Grammar focus – simple past tense<br>• vocabulary – value based words<br>• speaking and listening – story telling | November | English Teacher |
| 7 | Stimulate creative thinking in English | • Reading activity – Fiction – “The magic tree”<br>• writing task – creative story -If i had wings | December | English Teacher |

| NO | AIM | ACTIVITIES | MONTH | DUTY |
|---|---|---|---|---|
| | | • Grammar focus – conjunctions<br>• vocabulary – imaginative vocabulary<br>• speaking and listening – Narration - Magic powers | | |
| 8 | Learn to talk and write about Role models | • Reading activity – passage -About a famous person<br>• writing task – Biography – My role model<br>• Grammar focus – verbs<br>• Vocabulary- Inspirational terms<br>• speaking and listening – speech – My inspiration | January | English Teacher |
| 9 | Explore global awareness using language | • Reading activity – Travel story – "Trip to a new country"<br>• writing task – Post card from a space<br>• Grammar focus – Articles<br>• vocabulary – Places ,travel words<br>• speaking and listening – Dialogue : Tourist and guide | February | English Teacher |
| 10 | consolidate learning from the year | English fest with different programmes<br>eg : speech , poem recitation, quizzes etc | | |

# MALAYALAM

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്ന് വർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം ( ഗണിതം, സയൻസ് വിഷയങ്ങൾ ) | അവധിക്കാലം | പി.ടി.എ ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല – UP

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു. | - എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു<br>- ഭാഷാ കേളി<br>- വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് | ജൂൺ | മലയാളം അധ്യാപകർ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 2 | പഠിതാവിൽ അർത്ഥ പൂർണമായ വായന ഉറപ്പ് വരുത്തുക | വാർത്താ ലോകത്തേക്ക്<br>വാർത്താ വായന | പ്രതിമാസം<br>എല്ലാ ദിവസവും | മലയാളം അധ്യാപകർ<br>മലയാളം ക്ലബ് | |
| 3 | സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനടുകൂല മനോഭാവം വളർത്തുക | - സംവാദം / മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ , കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ്<br>മലയാളം അധ്യാപകർ | പി.ടി.എ |
| 4 | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മക ശേഷി വളർത്തലും | - ഇ കമ്പ്യൂട്ടിംഗ്<br>- കുട്ടികളെ മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>- മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | 2 വർഷം<br>വർഷാവസാനം | മലയാളം, ഐ.ടി അധ്യാപകർ<br>മലയാളം അധ്യാപകർ | മലയാളം ക്ലബ് |

# URDU

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഉർദു വായന | - വായന മത്സരങ്ങൾ<br>- ബാല മാസികകൾ<br>- വായന കാർഡുകൾ | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്റ്റ് കൗൺസിൽ |
| 2 | ഉർദു കയ്യെഴുത്ത് മാഗസിൻ | - രചനാശേഷി വളർത്തൽ<br>- ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയെഴുത്ത് | Term ൽ 1 വീതം | ഉർദു സബ്ജക്റ്റ് കൗൺസിൽ |
| 3 | ഉർദു ദിനം | - ടാലന്റ് മീറ്റ്<br>- അക്ഷര മരം<br>- എന്റെ പതിപ്പ് | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ് |
| 4 | ദിനാചരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ് |

# HINDI

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | - അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>- ക്ലാസിൽ അക്ഷരമാല പ്രദർശനം<br>- അക്ഷരം ഉറപ്പിക്കൽ<br>- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റ് | ജൂൺ – ആഗസ്റ്റ് | ഹിന്ദി അധ്യാപകർ |
| 2 | പുതിയ വാക്കുകളും അവയുടെ അർത്ഥവും ഗ്രഹിച്ച് പദസമ്പത്ത് വർധിപ്പിക്കാൻ | ഏക് ദിൻ ഏക് ശബ്ദ് | വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |
| 3 | ഹിന്ദി ഭാഷ കൂടുതൽ കേൾക്കാനും പ്രകടിപ്പിക്കാനും ഭാഷാവികസനത്തിനും | കഥകൾ, കവിതകൾ, നാടകം എന്നിവയുടെ ഓഡിയോ വീഡിയോ പ്രദർശനം | വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |
| 4 | ഹിന്ദി ഭാഷാ വികസനം | - ഹിന്ദി കഥാരചന<br>- കവിതാ രചന<br>- നാടക അവതരണം<br>- ICT Facilities | വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| 5 | സാഹിത്യ അഭിരുചി<br>ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ ശേഷി കൈവരിക്കാൻ | ഹിന്ദി സാഹിത്യ ചുമർ<br>ഹിന്ദിയുമായി ബന്ധപ്പെട്ട കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സ്ഥലത്ത് പ്രദർശനം , വർഷാവസാനം ഇവ ചേർത്ത് മാസിക നിർമാണം<br>ദിനാചരണങ്ങൾ | ജൂലൈ - മാർച്ച് | ഹിന്ദി അധ്യാപകർ |
| 6 | ഭാഷാ പഠനം ലളിതവും ആകർഷകവുമാക്കാൻ | - പിയർഗ്രൂപ്പ് പഠനം, ICT സാധ്യത ഉപയോഗപ്പെടുത്തി പഠനം | വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |

# ARABIC

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും എഴുത്ത്, വായന ശേഷി ഉറപ്പിക്കൽ | പിരിയഡുള്ള എല്ലാ ദിവസവും എഴുത്തിലും വായനയിലും പിന്നോക്കമുള്ള കുട്ടികൾ ഒരു വരി എഴുതി വരുന്നു, എഴുതിയത് നോക്കി ആദ്യ 10 മിനുട്ട് വായിക്കുന്നു | ജൂൺ- ഡിസംബർ | അറബിക് അധ്യാപകർ |
| 2 | അറബി ഭാഷാ ശേഷി വർധിപ്പിക്കൽ | നേരത്തെ നൽകിയ ഡിക്ഷണറിയുടെ സഹായത്തോടെ ബോർഡിലെഴുതുന്ന മലയാളം വാചകം കുട്ടികൾ സ്വന്തമായി തർജമ ചെയ്യുക | ജൂൺ- ഡിസംബർ | അറബിക് അധ്യാപകർ |
| 3 | ഭാഷാ പ്രയോഗ ശേഷി വർധിപ്പിക്കൽ | ഐ. സി. ടി സാധ്യതകൾ ഉപയോഗപ്പെടുത്തി അറബിയിലുള്ള ചെറു വീഡിയോകളും സംഭാഷണങ്ങളും കേൾപ്പിക്കുക, പ്രയോഗിക്കാനുള്ള അവസരം നൽകുക. | ആഗസ്ത്- ഫെബ്രുവരി | അറബിക് അധ്യാപകർ |
| 4 | കലാ സാഹിത്യ അഭിരുചികൾ വളർത്തൽ | മേളകളിലും വിവിധ മത്സരങ്ങളിലും സാധാരണ ഉണ്ടാകാറുള്ള ഇനങ്ങൾക്ക് തുടക്കം മുതൽ പരിശീലനം നൽകുക. | ജൂൺ- ഡിസംബർ | അറബിക് അധ്യാപകർ |

# BASIC SCIENCE

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | അടിസ്ഥാന ശാസ്ത്രം | കുട്ടികളിൽ ശാസ്ത്രത്തോട് താൽപര്യം വളർത്താൻ എല്ലാ ക്ലാസുകളിലും സയൻസ് കോർണർ സജ്ജമാക്കുന്നു. | വർഷാരംഭം | ശാസ്ത്ര അധ്യാപകൻ | | ആശയ പ്രദർശനം |
| 2 | അടിസ്ഥാന ശാസ്ത്രം | ശാസ്ത്ര മനോഭാവം വളർത്തുന്നതിനായി ശാസ്ത്ര രചനകൾ അടങ്ങിയ പതിപ്പ് നിർമിക്കൽ | വർഷാരംഭം മുതൽ | | | പതിപ്പ് നിർമാണം |
| 3 | അടിസ്ഥാന ശാസ്ത്രം | ശാസ്ത്ര നൈപുണികൾ വികസിപ്പിക്കാൻ ശാസ്ത്രലാബ് സന്ദർശനം , ലാബ് വികസിപ്പിക്കൽ, പരീക്ഷണങ്ങളിൽ ഏർപ്പെടൽ | വർഷാരംഭം | | | ശാസ്ത്ര നൈപുണി വികസിപ്പിക്കൽ |
| 4 | അടിസ്ഥാന ശാസ്ത്രം | ശാസ്ത്രജ്ഞന്മാരുടെ ഉദ്ധരണികൾ സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കുന്നു | വർഷാരംഭം | | | ശാസ്ത്ര താൽപര്യം വർധിപ്പിക്കുന്നു |
| 5 | അടിസ്ഥാന ശാസ്ത്രം | പ്രധാന ദിനാചരണങ്ങൾ ആചരിക്കുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു | വർഷാരംഭം | | | ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 6 | അടിസ്ഥാന ശാസ്ത്രം | സയൻസുമായി ബന്ധപ്പെട്ട മോഡലുകളുടെ നിർമാണം , വർക്ക്ഷോപ്പ് സംഘടിപ്പിക്കൽ | ആഗസ്റ്റ് മുതൽ | | | വിവിധ മോഡലുകൾ നിർമിക്കാൻ സാധിക്കുന്നു |
| 7 | അടിസ്ഥാന ശാസ്ത്രം | ശാസ്ത്രത്തെ ജീവിതവുമായി ബന്ധിപ്പിച്ച് കൊണ്ടുള്ള പഠന യാത്രകൾ സംഘടിപ്പിക്കൽ | ഓണാവധിക്ക് ശേഷം | | | ശാസ്ത്രവും ജീവിതവും തമ്മിലുള്ള ബന്ധം നേരിട്ട് അനുഭവപ്പെടുന്നു |

# SOCIAL SCIENCE

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രം | -ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു<br>-അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു | വർഷാരംഭം മുതൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ |
| 2 | സാമൂഹ്യശാസ്ത്രം | • ക്ലാസ് പാർലമെന്റ്<br>വിദ്യാർത്ഥികളെ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കാൻ പ്രേരിപ്പിച്ച് ക്ലാസ് ക്രമവും പ്രവർത്തനങ്ങളും ഇവർ വഴി ഏകോപിപ്പിക്കുന്നു<br>• Suggestion Box<br>-കുട്ടികൾക്ക് സ്കൂൾ കാര്യങ്ങളിൽ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ അവസരം<br>-നിയമനിർമ്മാണം<br>കുട്ടികളുമായി ചേർന്ന് അച്ചടക്ക നിയമങ്ങൾ രൂപീകരിക്കുക പാലിക്കുക | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | | ജനാധിപത്യപരമായ ജീവിത സമീപനം കുട്ടികളിൽ വളർത്തിയെടുക്കുന്നു |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | സാമൂഹ്യശാസ്ത്രം | പ്രധാന ദിനാചരണങ്ങൾ ആചരിക്കുന്നതിന് ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു | വർഷാരംഭം മുതൽ | അധ്യാപകർ | | ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നു |
| 4 | സാമൂഹ്യശാസ്ത്രം | - ഭൂപട നിർമ്മാണം<br>- ഇന്ത്യ – സംസ്ഥാനങ്ങൾ, ചരിത്രസ്മാരകങ്ങൾ, അയൽ രാജ്യങ്ങൾ<br>- കേരളം - ജില്ലകൾ, അതിരുകൾ , ഭൂപ്രകൃതി<br>- ലോകം - വൻകരകൾ | ജൂലൈ മുതൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | | ഭൂപടത്തെക്കുറിച്ചും രാജ്യങ്ങളെക്കുറിച്ചും ധാരണയുണ്ടാക്കുന്നു |

# വിജയസ്പർശം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക ◌ം |
|---|---|---|---|---|---|
| 1 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ രക്ഷിതാക്കൾക്ക് അവബോധം നൽകുകയും | പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ<br><br>രക്ഷിതാക്കളുടെ മീറ്റിംഗ് | ജൂൺ | വിജയ സ്പർശം കോഡിനേറ്റർ | |
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ – മലയാളം<br><br>കുട്ടിയിൽ വായനാ ശേഷി വളർത്തുക | - അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>- വാക്കുകൾ നിർമിക്കുക<br><br>- വായന കാർഡുകൾ<br>- ചിഹ്നങ്ങൾ ഉറപ്പിക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ<br>- ചിത്ര വായന | ജൂലൈ<br><br>ആഗസ്റ്റ് | മലയാളം ഭാഷ അധ്യാപകർ | |
| 3 | ഇംഗ്ലീഷിൽ അനുഭവിക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കൽ | -ലളിതമായ ഇംഗ്ലീഷ് കഥകളും കവിതകളും കേൾക്കാൻ അവസരം നൽകുന്നു<br>-Word game : English<br>-ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ഭാഷ അധ്യാപകർ ക്ലാസ് അധ്യാപകൻ | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ഗണിതം എളുപ്പമാക്കൽ സങ്കലനം വ്യവകലനം | - ഒന്നു മുതൽ 100 വരെ സംഖ്യകൾ എഴുതൽ, വായിക്കൽ<br>- ഒരക്ക സംഖ്യകൾ, രണ്ടക്ക സംഖ്യകൾ എന്നിവയുടെ സങ്കലനവും വ്യവകലനവും (മഞ്ചാടിക്കുരു കല്ല് തുടങ്ങിയവ ഉപയോഗിച്ച് ) | നവംബർ | ഗണിത അധ്യാപകർ | |
| 5 | ചതുഷ്ക്രിയകളിലെ ഗുണനം ഹരണം എന്നീ ക്രിയകൾ ചെയ്യാനുള്ള ശേഷികൾ ഉറപ്പിക്കൽ | - ഗുണനക്രിയകൾ ചെയ്യുന്നു<br>- ഹരണം വരുന്ന പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ഡിസംബർ | ഗണിത അധ്യാപകർ | |
| | ശേഷികൾ വിലയിരുത്തുന്നു | Post Test | ജനുവരി | വിജയ സ്പർശം കോഡിനേറ്റർ | |

# MATHEMATICS

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് നൽകുന്നു | - നമ്പർ കാർഡ്<br>- ഗുണനപ്പട്ടിക ഹൃദ്യസ്ഥമാക്കൽ ( മത്സരം) | ജൂൺ | ഗണിത അധ്യാപകർ | |
| 2 | ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയാനും വരയ്ക്കാനും ഉള്ള കഴിവ് | ജാമിതീയ ചാർട്ട് വരക്കൽ – മത്സരം | ജൂലൈ | ഗണിത ക്ലബ്ബ് | |
| 3 | കുട്ടികളിൽ ഗണന ചിന്തയും യുക്തിചിന്തയും വളർത്തൽ | - ഗണിത ക്വിസ്<br>- ഗണിത പ്രശ്നോത്തരി പുസ്തക നിർമ്മാണം | ആഗസ്റ്റ് സെപ്റ്റംബർ | ഗണിത ക്ലബ്ബ് | |
| 4 | വിവിധ ശേഷികളുടെ വികസനം | ഗണിത മേള | | ഗണിത ക്ലബ്ബ് | |
| 5 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി ഉപയോഗപ്പെടുത്തുന്നു | Phet, Geogebra തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| 6 | ഗണിത മേഖലയിൽ താല്പര്യം വർധിപ്പിക്കാൻ | - ഗണിതശാസ്ത്ര പ്രതിഭകളെ പരിചയപ്പെടൽ<br>- ഗണിത അസംബ്ലി | ഡിസംബർ ജനുവരി | ഗണിത അധ്യാപകർ | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | മികവ് പുലർത്തുന്ന കുട്ടികൾക്ക് അധിക പരിശീലനത്തിലൂടെ ഉയർന്ന നിലവാരം എത്തിക്കൽ | തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | വർഷം മുഴുവൻ | ഗണിത അധ്യാപകർ | |
| 8 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക്<br>(പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും വേണ്ട പരിശീലനം നൽകുന്നു) | വർഷം മുഴുവൻ | ഗണിത അധ്യാപകർ | |